**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4136** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഡി.ടി.പി.സി.യുടെ സഹകരണത്തോടെയുള്ള സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഡി.ടി.പി.സി. യുടെ സഹകരണത്തോടെ സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ടോ; അവയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) | ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ ഡി. ടി. പി. സിയുടെ സഹകരണത്തോടെ സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിച്ചിരുന്നു. ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള വിജയ് ബീച്ച് ചിൽഡ്രൻസ് പാർക്കിലെ ഒരു ഭാഗം അക്വാസ്പേസ് എന്റർടെയ്ൻമെന്റ് എന്ന സ്ഥാപനത്തിന് 01.09.2015 മുതൽ 7.80 ലക്ഷം രൂപ വാർഷിക വാടക നിരക്കിൽ അഞ്ചു വർഷത്തേക്കു വാടകയ്ക്കു നൽകിയിരുന്നു. ആകെ അഞ്ചു കോടിയോളം രൂപ ചെലവിട്ടാണ് ഈ സംരംഭകർ 2016ൽ പാർക്ക് ആരംഭിച്ചത്; പാർക്കിന്റെ പ്രതിമാസ പ്രവർത്തന ചെലവ് 20 ലക്ഷത്തോളം രൂപയായിരുന്നു. പാർക്കിൽ നിന്നു പ്രതീക്ഷിച്ച വരുമാനം ലഭിക്കാതെ സംരംഭം അടച്ചു പൂട്ടൽ ഭീഷണിയിലായതും കരാർ കാലാവധിക്കുള്ളിൽ വായ്പ തിരിച്ചടയ്ക്കാനാവാതെ കെ. എഫ്. സിയിൽ നിന്നു ജപ്തി ഭീഷണി നേരിട്ടതും കരാർ കാലാവധി ദീർഘിപ്പിച്ചാൽ വായ്പാ കാലാവധി നീട്ടി നൽകാമെന്ന കെ. എഫ്. സിയുടെ വാഗ്ദാനം പരിഗണിച്ചും അക്വാസ്പേസ് എന്റർടെയ്ൻമെന്റിന് അഞ്ചു വർഷത്തേക്കു കൂടി കരാർ കാലാവധി ദീർഘിപ്പിച്ചു നൽകാൻ 07.11.2017ൽ ചേർന്ന ഡി. ടി. പി. സി. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. 'കോവിഡ് - 19' മഹാമാരിയെ തുടർന്നു ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ ആലപ്പുഴ വിജയ് പാർക്കിനൊപ്പം അക്വാസ്പേസ് എന്റർടെയ്ൻമെന്റിന്റെ പ്രവർത്തനങ്ങളും നിർത്തി വെച്ചിരുന്നു. പിന്നീട് പ്രവർത്തനം പുനഃരാരംഭിക്കാനായി അറ്റകുറ്റപ്പണികൾ ആരംഭിച്ചിരുന്നെങ്കിലും 'കോവിഡ് - 19' മഹാമാരിയുടെ രണ്ടാം തരംഗത്തെത്തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം പാർക്ക് വീണ്ടും അടച്ചിട്ടിരിക്കുകയാണ്. ഇടുക്കി ജില്ലാ ടൂറിസം |

| | | | |
|---|---|---|---|
| | | | പ്രമോഷൻ കൗൺസിലിന്റെ അധീനതയിലുള്ള ഹിൽവ്യൂ പാർക്കിൽ വാഴത്തോപ്പ് സർവീസ് സഹകണ ബാങ്കിന്റെ സഹകരണത്തോടെയാണ് അമ്യൂസ്മെന്റ് പാർക്ക് ആരംഭിച്ചത്. 'കോവിഡ് - 19' മഹാമാരിയെ തുടർന്നു ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ 27.04.2021 മുതൽ പാർക്ക് അടഞ്ഞുകിടക്കുകയാണ്. തൃശ്ശൂർ ഡി. ടി. പി. സിയുടെ നിയന്ത്രണത്തിലുള്ള വിലങ്ങൻകുന്ന് വിനോദ സഞ്ചാര കേന്ദ്രത്തിലും ഡസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിനു കീഴിലെ തളിക്കുളം 'സ്നേഹതീരം' പാർക്കിലും അമ്യൂസ്മെന്റ് പാർക്കുകൾ നടത്താൻ കരാർ നൽകിയിട്ടുണ്ട്. എന്നാൽ 'കോവിഡ് - 19' മഹാമാരിയെ തുടർന്നുള്ള നിയന്ത്രണങ്ങൾ മൂലം ഈ പാർക്കുകൾ അടച്ചിട്ടിരിക്കുകയാണ്. മലപ്പുറം ഡി. ടി. പി. സിയുടെ സഹകരണത്തോടെ കോട്ടക്കുന്ന്, പടിഞ്ഞാറേക്കര ബീച്ച്, താനൂർ ഒട്ടുമ്പുറം ബീച്ച്, കുറ്റിപ്പുറം നിളയോരം പാർക്ക്, ആഢ്യൻപാറ എന്നിവിടങ്ങളിൽ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിച്ചിരുന്നു. 'കോവിഡ് - 19' മഹാമാരി മൂലം 22.04.2021 മുതൽ ഈ പാർക്കുകളെല്ലാം അടച്ചിരിക്കുകയാണ്. |
| (ബി) | വിനോദസഞ്ചാര മേഖലയിൽ ആരംഭിക്കുകയും കോവിഡ് മഹാമാരിയെ തുടർന്ന് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയും ചെയ്യുന്ന ഇത്തരം സംരംഭങ്ങൾക്ക് ഡി.ടി.പി.സി. യുമായുള്ള എഗ്രിമെന്റ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ? | (ബി) | പരിശോധിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ